# മലയാള കവിതയിലെ
# പുതിയ ഇടങ്ങൾ

എഡിറ്റർ
ഡോ. ജോസ്ന ജേക്കബ്



# മലയാളകവിതയിലെ പുതിയ ഇടങ്ങൾ


ആമുഖം 9

1. പുതിയ ഇടങ്ങളിലൂടെ സഞ്ചരിക്കുന്ന മലയാളകവിത
**എസ്. ജോസഫ്** 23

2. ജാതിയെ ലിംഗവത്കരിക്കുമ്പോൾ : മലയാള ദളിത് പെൺകവിതകൾ സാക്ഷ്യപ്പെടുത്തുന്നത്
**എ.സി. ശ്രീഹരി** 27

3. പാട്ടുപാടലും പാട്ടിലാകലും : കവിതയുടെ രാഷ്ട്രീയം
**ഡോ. സന്തോഷ് മാനിച്ചേരി** 30

4. ആഖ്യാനവും നവീനഭാവുകത്വവും ആധുനികാനന്തര മലയാളകവിതയിൽ
**ഡോ. മഞ്ജുള കെ.വി.** 35

5. നാട്ടുമണ്ണിന്റെ നീറ്റലുകൾ
**ഡോ. അജിത ചേമ്പൻ** 47

6. റഫീഖ് അഹമ്മദിന്റെ കവിതകൾ : ലക്കാനിയൻ വായന
**ഡോ. ദേവി കെ.** 58

7. സ്ത്രീസ്വത്വത്തിന്റെ ഭിന്നരൂപങ്ങൾ
**ശ്രീലത ഇ.** 65

8. പാരിസ്ഥിതികാനുഭവങ്ങളുടെ സാമൂഹികമാനങ്ങൾ
**ഡോ. സ്വപ്ന ആന്റണി** 72

9. സൈബർ മലയാളകവിത
**സിന്ധു കെ.വി.** 81

# പാരിസ്ഥിതികാനുഭവങ്ങളുടെ സാമൂഹികമാനങ്ങൾ

ഡോ. സ്വപ്ന ആന്റണി

മനുഷ്യൻ സാമൂഹ്യജീവിയും രാഷ്ട്രീയജീവിയും ആണെന്നു പറയുന്നതുപോലെ പാരിസ്ഥിതിക ജീവിയുമാണ്. തന്റെ ആവാസകേന്ദ്രമായ പ്രകൃതിയോട് പുലർത്തുന്ന അസ്തിത്വപരമായ സർഗാത്മകബോധമാണ് അവന്റെ പരിസ്ഥിതി ബോധമെന്നു പറയുന്നത്. ഇതിന് ഭാഷയുമായും സംസ്കാരവുമായും അഭേദ്യബന്ധമുണ്ട്.

## 1

മനുഷ്യന്റെ യഥാർത്ഥലോകവുമായി ബന്ധപ്പെട്ട നിർമിതികളെല്ലാം തന്നെ പ്രകൃതിയുമായുള്ള നേരനുഭവത്തിന്റേതാണ്. പ്രകൃതിയും മനുഷ്യന്റെ ആന്തര പ്രകൃതിയും തമ്മിലുള്ള ബന്ധ ത്തിന്റെ ആവിഷ്കാര ങ്ങൾ ഏറ്റവുമധികം സാധിക്കുന്നത് ഭാഷയിലൂടെയാണ്. ഭാഷയെ സ്വാധീനിക്കുന്ന പ്രധാനഘടകം അതുനിലനിൽക്കുന്ന പരിസരം അഥവാ ജൈവപ്രകൃതിയാണെന്ന് എഡ്വേർഡ് സ്പീർ തന്റെ 'ഭാഷയും പരിസരവും' എന്ന പ്രബന്ധത്തിൽ പറയുന്നു. ഭാഷയിൽത്തന്നെ ഈ ആവിഷ്കാരങ്ങൾ എല്ലാകാലത്തും ഒരുപോലല്ല നടക്കുന്നത്. ഓരോകാലത്തും അതിന് ഓരോസ്വഭാവമുണ്ട്. പ്രകൃതിയുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, ഭാഷയിലൂടെയും സംസ്കാരത്തിലൂടെയും ഉണ്ടാക്കുന്ന ലോകത്തിലെ പ്രകൃതിയുടെ ആവിഷ്കാരത്തിന്റെ സ്വഭാവം മാറിക്കൊണ്ടിരിക്കും. ആധുനികതയുടെ കാലത്തുള്ള കവിതയും ആധുനികോത്തരതയുടെ കാലത്തുള്ള കവിതയും താരതമ്യപ്പെടുത്തി നോക്കിയാൽ അതുവ്യക്തമാകും. എങ്ങനെയാണ് ആധുനിക-ആധുനികാനന്തരകാലങ്ങളിലെ കവിതകൾ പരിസ്ഥിതിയോടുള്ള സമീപനത്തിൽ വ്യത്യസ്തമായിത്തീരുന്നത് എന്നുള്ള അന്വേഷണമാണീ പ്രബന്ധം. ഒരുകാലത്ത് പരിസ്ഥിതിക്കവിതകളുടെ ഏറ്റവും പ്രധാനപ്പെട്ട ചില ഉദാഹരണങ്ങൾ എന്ന നിലയിൽ കൊണ്ടാടപ്പെട്ടവയാണ് ഇടശ്ശേരിയുടെ കുറ്റിപ്പുറം പാലവുംസുഗതകുമാരിയുടെഒരു പാട്ടുപിന്നെയുംപോലുള്ള കവിതകൾ.

കേരളത്തിൽ ആധുനികതയുടെ കടന്നുവരവും യന്ത്രവൽക്കരണവും ജീവിതത്തെ കൂടുതൽ സുകരവും സുഖകരവുമാക്കുന്ന കാലത്താണ് കുറ്റിപ്പുറം പാലത്തിന്റെ രചന. ഭാരതപ്പുഴയുടെ മുകളിലുള്ള